**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5248** **14-03-2023 - ൽ മറുപടിയ്ക്ക്**

**പുനലൂർ നിയോജകമണ്ഡലത്തിലെ റവന്യൂഭൂമിയുടെ വിസ്തീർണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിൽ പതിച്ചു കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള സർക്കാർ ഭൂമി ഏതൊക്കെ വില്ലേജുകളിൽ ഏതൊക്കെ പ്രദേശങ്ങളിലുണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം (സെന്റ്/ ഏക്കർ), സർവേ നമ്പർ, പ്രദേശം, ഉൾപ്പെടുന്ന വില്ലേജ്, നിലവിൽ ആരുടെ കൈവശത്തിലാണുള്ളതെന്ന വിവരം എന്നിവ ലഭ്യമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളിൽ കുത്തകപ്പാട്ട സ്ഥലം അനധികൃത കൈവശത്തിലുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം (സെന്റ്/ഏക്കർ), സർവേ നമ്പർ, പ്രദേശം, ഉൾപ്പെടുന്ന വില്ലേജ്, നിലവിൽ ആരുടെ കൈവശത്തിലാണുള്ളതെന്ന വിവരം എന്നിവ ലഭ്യമാക്കാമോ; | (ബി) | പുനലൂർ താലൂക്ക് പരിധിയിൽപ്പെട്ട വാളക്കോട്, പുനലൂർ, ആയിരനല്ലൂർ, ആര്യങ്കാവ്, കുളത്തൂപ്പുഴ, തിങ്കൾക്കരിക്കം തുടങ്ങിയ വില്ലേജുകളിൽ കുത്തകപ്പാട്ട ഭൂമികൾ അന്യ കൈവശത്തിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കേസുകളിൽ പലതിലും സ്കെച്ചുകളുടെ അഭാവത്താലും റീസർവ്വേ അപാകതകൾ മൂലവും ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പാട്ടം റദ്ദ് ചെയ്ത പല കേസുകളിലും പാട്ട കക്ഷികൾ കോടതിക്കേസുകൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. തിട്ടപ്പെടുത്താൻ കഴിയാത്ത പല കേസുകളിലും താലൂക്ക് സർവ്വയർ മുഖേന ഭൂമി ആളന്ന് തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ കൈവശത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി ഏതൊക്കെ വില്ലേജുകളിൽ ഏതൊക്കെ പ്രദേശങ്ങളിൽ ഉണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം (സെന്റ്/ഏക്കർ), സർവേ നമ്പർ, പ്രദേശം, ഉൾപ്പെടുന്ന വില്ലേജ്, നിലവിൽ ആരുടെ കൈവശത്തിലാണുള്ളതെന്ന വിവരം എന്നിവ ലഭ്യമാക്കാമോ? | (സി) | പുനലൂർ മണ്ഡലത്തിൽ ആയിരനല്ലൂർ, ഇടമൺ വില്ലേജുകളിൽ ജലസേചന വകുപ്പിന്റെ കൈവശത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുണ്ടെങ്കിലും സർവ്വെ സ്കെച്ചിന്റെ അഭാവം മൂലം ടി ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| ക്രമ നം | വില്ലേജ് | ബ്ലോക്ക് | സർവ്വെ / റീ സർവേ നം | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | അഞ്ചൽ | 34 | റീ-സർവേ നം 68/5 | 46.85 ആർസ് സർക്കാർ തരിശ് | ഠട 68/2009 നമ്പർ കേസ് പ്രകാരം ടി ഭൂമിയിൽ നിരോധന ഉത്തരവ് നിലവിലുണ്ട്. |
| 2 | അറയ്ക്കൽ | 30 | റീ-സർവേ നം 327/5 | 22.90 ആർസ് സർക്കാർ തരിശ് | ടി ഭൂമി അനധികൃതമായി കൈവശം വച്ചതിനെതിരെ അജിതാ ഷെരീഫ് എന്നയാൾക്കെതിരെ LC 13/17 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ് നടപടിയിലിരിക്കുന്നതു മാണ്. |
| 3 | ഏരൂർ | റീ-സർവേ പൂർത്തി യാകാത്ത തിനാൽ ബ്ലോക്ക് നം ലഭ്യമല്ല | സർവേ നം 672/2A | 40 സെന്റ് സർക്കാർ തരിശ് (ആകെയുള്ള 59.9 ഏക്കർ സർക്കാർ തരിശിൽ മേൽ 40 സെന്റ് ഒഴികെയുള്ള ബാക്കി ഭൂമി പതിച്ചു നൽകിയിട്ടുണ്ട്) | ടി 40 സെന്റ് ഭൂമി നാളത് ശ്രീമതി ജെ. സത്യഭാമ എന്നയാളുടെ കൈവശത്തിലിരിക്കുന്നതാണ്. |
| 4 | വാളക്കോട് | | സർവേ നം 745/1/1 | 4.5 സെന്റ് സർക്കാർ പുറമ്പോക്ക് | ടി ഭൂമി ഉത്തമൻ എന്നയാൾ കൈവശം വച്ചതിനെതിരെ OS 475/15 നമ്പരായി കേസ് നടന്നു വരുന്നു |

ഇത് കൂടാതെ ഇടമൺ വില്ലേജിൽ 423.56 ഹെക്ടർ പതിവിന് യോഗ്യമായ സർക്കാർ ഭൂമി AVT കമ്പനിയുടെ കൈവശത്തിൽ ഉണ്ടെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.